**പോലീസ് വകുപ്പ്**

**കേരളം**

**No. S4-104968/2025/PHQ**

പോലീസ് ഹെഡ്ക്വാട്ടേർസ്,

തിരുവനന്തപുരം

വഴുതക്കാട്

പിൻകോഡ് :695010

✉phq.pol@kerala.gov.in

📞04712721547

തീയതി. 31-10-2025

## കരാർ അടിസ്ഥാനത്തിൽ കോസ്റ്റൽ വാർഡൻ നിയമനം നടത്തുന്നതിനുള്ള റിക്രൂട്ട്മെന്റ് വ്യവസ്ഥകൾ

**വായന:-** സർക്കാർ ഉത്തരവ് (സാധാ) നം. 2343/2025/ആഭ്യന്തരം തീയതി 11.07.2025.

കേരളത്തിലെ തീരപ്രദേശത്ത് താമസിക്കുന്ന പരമ്പരാഗത മത്സ്യതൊഴിലാളി വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും പോലീസ് സേനയെ സഹായിക്കുന്നതിന്, നിലവിൽ ഒഴിവുള്ള 54 കോസ്റ്റൽ വാർഡൻ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു.

1. **സെലക്ഷനും നിയമനവും** - റേഞ്ച് അടിസ്ഥാനത്തിൽ.

2. **ഒഴിവുകൾ ആകെ** : 54

| ക്രമനമ്പർ | തീരദേശ പോലീസ് സ്റ്റേഷൻ | റേഞ്ച് | ജില്ല | നിയമനം നടത്തേണ്ടതായ കോസ്റ്റൽ വാർഡൻമാരുടെ എണ്ണം |
|---|---|---|---|---|
| 1 | വിഴിഞ്ഞം | തിരുവനന്തപുരം | തിരുവനന്തപുരം | 0 |
| 2 | അഞ്ചുതെങ്ങ് | | | |
| 3 | പൂവാർ | | | |
| 4 | നീണ്ടകര | | കൊല്ലം | 8 |
| 5 | ഫോർട്ടുകൊച്ചി | എറണാകുളം | എറണാകുളം | 6 |
| 6 | തോട്ടപ്പള്ളി | | ആലപ്പുഴ | 0 |
| 7. | അർത്തുങ്കൽ | | | |

| | | | | |
|---|---|---|---|---|
| 8 | അഴീക്കോട് | തൃശ്ശൂർ | തൃശ്ശൂർ | 12 |
| 9 | മുനക്കകടവ് | | | |
| 10 | പൊന്നാനി | | മലപ്പുറം | 10 |
| 11 | ബേപ്പൂർ | കണ്ണൂർ | കോഴിക്കോട് | 0 |
| 12 | വടകര | | | |
| 13 | എലത്തൂർ | | | |
| 14 | അഴീക്കൽ | | കണ്ണൂർ | 8 |
| 15 | തലശ്ശേരി | | | |
| 16 | തൃക്കരിപ്പൂർ | | കാസറഗോഡ് | 10 |
| 17 | ബേക്കൽ | | | |
| 18 | കുമ്പള | | | |
| **ആകെ** | | | | **54** |

**3. പ്രായം** :

2025 ജനുവരി മാസം ഒന്നാം തീയതി 18 നും 50 നും മദ്ധ്യേ
(പ്രായം കുറഞ്ഞവർക്ക് മുൻഗണന ലഭിക്കുന്നതായിരിക്കും)

**4. വിദ്യാഭ്യാസ യോഗ്യത :**

പത്താം ക്ലാസ് അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസ്സായിരിക്കണം. (ഉയർന്ന വിദ്യാഭ്യാസ യോഗ്യതയ്ക്ക് വെയ്റ്റേജ് മാർക്ക് ഉണ്ടായിരിക്കുന്നതാണ്)

**5. ശാരീരിക യോഗ്യത** :

ഉയരം : പുരുഷന്മാർ - 160 സെ.മീറ്റർ, സ്ത്രീകൾ 150 സെ.മീ (കുറഞ്ഞത്)

**6. കാഴ്ചശക്തി**യെ സംബന്ധിച്ച് താഴെ സൂചിപ്പിച്ചിട്ടുള്ള തരത്തിൽ അംഗീകൃതനേത്രരോഗ വിദഗ്ദ്ധൻ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

| കാഴ്ച | വലതു കണ്ണിന് | ഇടത് കണ്ണിന് |
|---|---|---|
| ദൂരകാഴ്ച | 6 /6 സ്നെല്ലൻ | 6 /6 സ്നെല്ലൻ |
| സമീപകാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**7. നിബന്ധനകൾ**

എ. ഓരോ കണ്ണിനും പൂർണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം.

ബി. വർണാന്ധത (കളർ ബ്ലൈൻഡ്നെസ്), കോങ്കണ്ണ് (സ്ക്വിന്റ്) അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ അനാരോഗ്യകരമായിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കും.

സി. മുട്ട് തട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കാലുകൾ, കേൾവിയിലും സംസാരത്തിലും ഉള്ള കുറവുകൾ, മറ്റ് ശാരീരിക ന്യൂനതകൾ ഉള്ളവർ നിയമനത്തിന് യോഗ്യരല്ല.

ഡി. കടലിൽ നീന്താനുള്ള കഴിവ് നിർബന്ധ യോഗ്യത.

ഇ. ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച ഫിഷർമെൻ സർട്ടിഫിക്കറ്റ്, 15 വർഷത്തെ നേറ്റിവിറ്റി (ഫിഷറീസ് വില്ലേജ്) സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്), റേഷൻ കാർഡ്/ഇലക്ഷൻ ഐ.ഡി/ആധാർ കാർഡ് എന്നിവയുടെ പകർപ്പ് അപേക്ഷയോടൊപ്പം ലഭ്യമാക്കേണ്ടതാണ്. ഫിഷെർമെൻ/നേറ്റിവിറ്റി/സ്വഭാവസർട്ടിഫിക്കറ്റ് എന്നീ സർട്ടിഫിക്കറ്റുകളുടെ അസ്സലും റേഷൻകാർഡ്/ ഇലക്ഷൻഐ.ഡി/ആധാർകാർഡ് എന്നിവയിലേതെങ്കിലും ഒന്നിന്റെയെങ്കിലും അസ്സലും ഹാജരാക്കാത്തവരെ റിക്രൂട്ട്മെന്റിൽ പങ്കെടുപ്പിക്കുന്നതല്ല.

**8.** എ) താഴെ പറയുന്ന പ്രാഥമിക പരീക്ഷ നിർബന്ധമായും പാസായിരിക്കണം.

| **ക്രമനമ്പർ** | **ഇനം** | **പുരുഷന്മാർ** | **സ്ത്രീ കൾ** |
|---|---|---|---|
| 1 | 300 മീ. ഫ്രീ സ്റ്റൈൽ നീന്തൽ | 8 മിനിറ്റ് | 10 മിനിറ്റ് |
| 2 | 50 മീ. നീന്തൽ (നീന്തലറിയാത്ത ഒരുവ്യക്തിയെ വഹിച്ചുകൊണ്ട്) | 3 മിനിറ്റ് | 4 മിനിറ്റ് |
| 3 | 4 കിലോ ഭാരം വഹിച്ചുകൊണ്ട് വെള്ളത്തിൽ പൊങ്ങി കിടക്കണം | 5 മിനിറ്റ് | 3 മിനിറ്റ് |

ബി) ടെസ്റ്റ് 'എ' വിജയിക്കുന്നവർ താഴെ പറയുന്ന നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിൽ വൺ സ്റ്റാർ നിലവാരമുള്ള 7 എണ്ണത്തിൽ ഏതെങ്കിലും 5 എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| **നമ്പർ** | **ഇനം** | **വൺ സ്റ്റാർ നിലവാരം** | |
|---|---|---|---|
| | | **പുരുഷന്മാർ** | **സ്ത്രീകൾ** |
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് | 17 സെക്കന്റ് |
| 2. | ഹൈ ജംപ് | 132 സെ.മീ | 106 സെ.മീ |
| 3. | ലോങ് ജംപ് | 457.20 സെ.മീ | 305 സെ.മീ |
| 4. | പുട്ടിങ് ദി ഷോട്ട് | 609.60 സെ.മീ (7264 ഗ്രാം) | 609.60 സെ.മീ (4000 ഗ്രാം) |
| 5. | ക്രിക്കറ്റ് ബോൾ ത്രോ | 6096 സെ.മീ. | 1400 സെ.മീ. |

| | | | |
|---|---|---|---|
| 6. | റോപ്പ് ക്ലൈംബിങ് | 365.80 സെ.മീ. | 300 സെ.മീ. |
| 7 | പുൾ അപ്പ് & ചിന്നിംഗ് | 8 തവണ | 5 തവണ |

**9** . സംസ്ഥാന പോലീസ് മേധാവി നിയോഗിച്ചിട്ടുള്ള സെലക്ഷൻ കമ്മറ്റി, സെലക്ഷൻ ട്രയൽസ് നടത്തി അർഹരെന്നു കാണുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും മെഡിക്കൽ ടെസ്റ്റ് കൂടി പാസ്സാകുന്നതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതാണ്. അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും ജീവൻ രക്ഷാ/ ദുരന്തനിവാരണ പ്രവർത്തനം എന്നിവയടക്കമുള്ള 4 മാസത്തെ നിർബന്ധ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവരെ തീരദേശ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡന്മാരായി ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ 19710/- രൂപ പ്രതിമാസ വേതനത്തിൽ നിയമിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്നവരെ സംസ്ഥാനത്തെ ഏതൊരു കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലും ഒഴിവുകളുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നതാണ്.

**10.** എ) തെരഞ്ഞെടുക്കപ്പെടുന്നവർ 5000/- രൂപയുടെ ബോണ്ട് വെയ്ക്കേണ്ടതാണ്.

ബി) പരിശീലന കാലയളവിൽ പ്രസ്തുത പ്രതിമാസ വേതനം ലഭിക്കുന്നതാണ്.

സി) തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രത്യേക യൂണിഫോം ഉണ്ടായിരിക്കുന്നതാണ്.

ഡി)കരാർനിയമനത്തിന് തെരഞ്ഞെടുക്കപ്പെട്ടവർ സേനയുടെ പ്രവർത്തനത്തിന് സഹായകരമല്ലാതാകുകയോ, ക്രിമിനൽ പ്രവർത്തനങ്ങളിൽ ഉൾപ്പെടുകയോ, പൊതുസുരക്ഷക്കെതിരായ ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെട്ടാലോ നിയമനം നിരുപാധികം റദ്ദാക്കുന്നതാണ്. കൂടാതെ, നിയമിക്കപ്പെടുന്നവരുടെ കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് നിയമനം റദ്ദാക്കപ്പെടുന്നതും, അവർക്ക് പിന്നീട് വകുപ്പിന്റെയോ സർക്കാരിന്റെയോ ഏതെങ്കിലും ആനുകൂല്യത്തിന് യാതൊരു അർഹതയോ അവകാശമോ ഉണ്ടായിരിക്കുന്നതുമല്ലാത്തതാണ്.

വിജ്ഞാപനം എല്ലാ പ്രമുഖ ദിനപ്പത്രങ്ങളിലും, അപേക്ഷാ ഫോറം കേരള പോലീസിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapolice.gov.in - നിലും ലഭ്യമാണ്.

**അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 03.12.2025.**

**തെരഞ്ഞെടുപ്പ് സമയക്രമപ്പട്ടികയും സ്ഥലവും കേരള പോലീസിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.**

കോസ്റ്റൽ വാർഡൻ നിയമനം നടത്തുന്നത് തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ റേഞ്ച് ഓഫീസുകൾ അടിസ്ഥാനമാക്കി ആയതിനാൽ ഓരോ ജില്ലയിൽ നിന്നുമുള്ള അപേക്ഷകർ അതാത് ജില്ലകളിലെ ഒഴിവുകളിലേക്ക് ബന്ധപ്പെട്ട റേഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ ഓഫീസിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. റേഞ്ച് ഡി ഐ ജിയുടെ അധികാര പരിധിയിൽ വരുന്ന ജില്ലകൾ ചുവടെ ചേർക്കുന്നു.

| ജില്ലകൾ | അപേക്ഷ സമർപ്പിക്കേണ്ടതായ ഓഫീസ് |
|---|---|
| | **ഡി ഐ ജി, തിരുവനന്തപുരം റേഞ്ച്** |

| | |
|---|---|
| തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട. | അഡ്രസ് : ഡി ഐ ജി ഓഫീസ്, തിരുവനന്തപുരം റേഞ്ച്, നന്ദാവനം, തിരുവനന്തപുരം - 695033<br>ഫോൺ നമ്പർ : 0471-2330747<br>e.mail id : digtvmrange.pol@kerala.gov.in |
| ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം | **<u>ഡിഐജി, എറണാകുളം റേഞ്ച്</u>**<br>അഡ്രസ് : ഡി ഐ ജി ഓഫീസ്, എറണാകുളം റേഞ്ച്, ചങ്ങമ്പുഴ നഗർ P.O, സൌത്ത് കളമശ്ശേരി എറണാകുളം, PIN - 682033<br>ഫോൺ നമ്പർ : 0484-2557500<br>e.mail id : digekmrange.pol@kerala.gov.in |
| തൃശ്ശൂർ, പാലക്കാട്, മലപ്പുറം. | **<u>ഡി ഐ ജി, തൃശ്ശൂർ റേഞ്ച്</u>**<br>അഡ്രസ് : ഡി ഐ ജി ഓഫീസ്, തൃശ്ശൂർ റേഞ്ച്, ഹൈറോഡ്, (Near ശക്തൻ ബസ് സ്റ്റാന്റ്), തൃശ്ശൂർ - 680001<br>ഫോൺ നമ്പർ : 0487-2424250<br>e.mail id : digtsrrange.pol@kerala.gov.in |
| കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് | **<u>ഡി ഐ ജി, കണ്ണൂർ റേഞ്ച്</u>**<br>അഡ്രസ് : ഡി ഐ ജി ഓഫീസ്, കണ്ണൂർ റേഞ്ച്, താവക്കര, കണ്ണൂർ - 670002<br>ഫോൺ നമ്പർ : 0497-2700586<br>e.mail id : digknrrange.pol@kerala.gov.in |

പൂരിപ്പിച്ച അപേക്ഷാ ഫോറവും താഴെ പറയുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും അതാത് ജില്ലകളുടെ റേഞ്ച് ഡി ഐ ജിയുടെ കാര്യാലയത്തിൽ **03.12.2025 തീയതി 5 മണിക്ക്** മുൻപായി നേരിട്ടോ തപാൽ മുഖേനയോ ലഭ്യമാക്കേണ്ടതാണ്.

1. പ്രായം
2. വിദ്യാഭ്യാസ യോഗ്യത
3. ഫിഷർമെൻ സർട്ടിഫിക്കറ്റ്.
4. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
5. റേഷൻ കാർഡ്
6. സ്വഭാവ സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്)
7. ഇലക്ഷൻ ഐ.ഡി/ആധാർ കാർഡ് /പാസ്സ്പോർട്ട്
8. പാസ്സ്പോർട്ട് സൈസ് ഫോട്ടോ (2 എണ്ണം)

അപേക്ഷകർ തെരഞ്ഞെടുപ്പ് കേന്ദ്രത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്ന തീയതിയിൽ **(<u>പോലീസിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി</u>)** രാവിലെ 07.00 മണിക്ക് പ്രസ്തുത രേഖകളുടെ

അസ്സലുകൾ സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. അപൂർണമായ അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഒപ്പ് (23.10.2025)

സംസ്ഥാന പോലീസ് മേധാവി

// ഉത്തരവിൻപ്രകാരം//

എസ് ശ്രീജിത്ത് ഐ പി എസ്
അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്
For Director General of Police-cum-State Police Chief

2343/2025/ആഭ്യന്തരം തീയതി 11.07.2025 പ്രകാരവും പോലീസ് ആസ്ഥാനത്തെ 21-07-2025 തീയതിയിലെ എസ് 4-48916/2024/PHQ നമ്പർ നിർദേശത്തിന്റെയും അടിസ്ഥാനത്തില് കേരളാ പോലീസ് വകുപ്പിലേക്ക് കരാർ അടിസ്ഥാനത്തില് കോസ്റ്റല് വാർഡന് നിയമനത്തിനുള്ള അപേക്ഷാഫോറം.

പാസ്പോർട്ട് സൈസ് ഫോട്ടോ

| | | |
|---|---|---|
| 1 | പേര് | |
| 2 | രക്ഷകർത്താവിന്റെ പേര് | |
| 3 | വിലാസം | |
| 4 | പിൻകോഡ് | |
| 5 | മൊബൈൽ ഫോൺ നമ്പർ | |
| 6. | ഇ-മെയിൽ ഐഡി (ഉണ്ടെങ്കിൽ) | |
| 7 | പ്രായം (2025 ജനുവരി 1പ്രകാരം) | |
| 8 | ജനന തീയതി | |
| 9 | വിദ്യാഭ്യാസ യോഗ്യത (SSLC, Plus Two, Degree, PG, Others Specify) | |
| *10* | ഉയരം | |
| 11 | ഏറ്റവുംഒടുവില് പഠനം നടത്തിയ സ്ഥാപനത്തിന്റെ പേരുംവിലാസവും | |
| 12 | നിലവിൽ ഏതെങ്കിലും ക്രിമിനൽ കേസ്സിൽപ്രതിയാണോ/പ്രതിയാക്കപ്പെട്ടിട്ടുണ്ടോ (ഉണ്ട് എന്നാണെങ്കില് കേസ്സിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുക) | |

| | | |
|---|---|---|
| 13 | ഉള്ളടക്കം ചെയ്തിട്ടുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ വിശദാംശങ്ങൾ | |

| സർട്ടിഫിക്കറ്റ് | | ബാധകമായത് TICK ചെയ്യുക |
|---|---|---|
| പ്രായം (ജനന സർട്ടിഫിക്കറ്റ്/ എസ്.എസ്.എൽ.സി) | | |
| വിദ്യാഭ്യാസ യോഗ്യത | എസ്.എസ്.എൽ.സി | |
| | പ്ലസ് ടു | |
| | ബിരുദം | |
| | ബിരുദാനന്തര ബിരുദം | |
| | മറ്റുള്ളവ | |
| ഫിഷർമെന് സർട്ടിഫിക്കറ്റ് | | |
| നേറ്റിവിറ്റി സർട്ടിഫിക്കറ്റ് | | |
| റേഷൻ കാർഡ് | | |
| സ്വഭാവ സർട്ടിഫിക്കറ്റ് | | |
| ആധാർ/ഇലക്ഷൻ ഐ�ി/ പാസ്പോർട്ട് | | |

<u>സത്യപ്രസ്താവന.</u>

മുകളിൽ നൽകിയിരിക്കുന്ന വിവരങ്ങള് എന്റെ അറിവിലും ഉത്തമ വിശ്വാസത്തിലും ശരിയാണെന്നും ഏതെങ്കിലും വിവരങ്ങൾ നൽകാതിരിക്കുകയോ/ അപൂർണമായി നൽകുകയോ / തെറ്റായ വിവരങ്ങൾ നൽകുകയോ ചെയ്തിട്ടില്ലെന്നും,ഏതെങ്കിലും വിവരങ്ങള് നൽകാതിരിക്കുകയോ / അപൂർണമായതോ തെറ്റായതോ ആയ വിവരങ്ങള് നൽകിയതായി ബോധ്യപ്പെടുന്നപക്ഷം എന്റെ അപേക്ഷ നിരുപാധികം റദ്ദാക്കുന്നതിനും ബന്ധപ്പെട്ട അധികാരികൾക്ക് അവകാശമുണ്ടായിരിക്കും എന്ന് ഞാന് മനസ്സിലാക്കുന്നു.

അപേക്ഷകന്റെ ഒപ്പും തീയതിയും